# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26-12-2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. യുവജന ശാക്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് രാജ്യത്ത് പുതിയ നയങ്ങൾ രൂപീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **Prime Minister Narendra Modi says that new policies are being formulated in the country with a focus on youth empowerment.**

2. മാനവരാശിയുടെ ഏറ്റവും വലിയ ശത്രുവായ ഭീകരവാദത്തിനെതിരെ ഒന്നിച്ച് പോരാടണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
   **Union Home Minister Amit Shah says that we should fight together against terrorism, the biggest enemy of humanity.**

3. എച്ച്-1 ബി വിസയുള്ള ഇന്ത്യൻ പൗരന്മാർ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഇന്ത്യ അമേരിക്കയുമായി ആശയവിനിമയം നടത്തിവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം.
   **The Ministry of External Affairs says that India is communicating with the US to resolve the obstacles faced by Indian citizens with H-1B visas.**

4. കേരളത്തിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അധ്യക്ഷ-ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെ.
   **Elections to the posts of corporation and municipality president and vice-president have been completed in Kerala. Gram, block and district panchayat president elections are tomorrow.**

5. ശ്രീലങ്കക്കെതിരായ വനിതാ ടി 20 യിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു.
**India won the toss and elected to field in the women's T20 against Sri Lanka.**

**************************************

## PREZ- BAL PURASKAR

കുട്ടികളുടെ പ്രതിഭ രാജ്യത്തിന്റെ പുരോഗതിക്ക് അടിത്തറയേകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. 20 കുട്ടികളെയാണ് ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. കേരളത്തിൽ നിന്നുള്ള മുഹമ്മദ് സിദാൻ പുരസ്കാരത്തിന് അർഹനായി. ധീരത, സാമൂഹിക സേവനം, പരിസ്ഥിതി, കായികം, കല-സംസ്കാരം, ശാസ്ത്ര- സാങ്കേതിക രംഗം എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച കുട്ടികൾക്കാണ് പുരസ്കാരം.

***************************

## PM BAL PURASKAR (INTRO)

യുവജന ശാക്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് രാജ്യത്ത് പുതിയ നയങ്ങൾ രൂപീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മേരാ യുവ ഭാരത് സംരംഭത്തിന് കീഴിൽ യുവാക്കളെ അണിനിരത്തുന്നതിനും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുമുള്ള സർക്കാർ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന വീർ ബാൽ ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയിസ്)

ചടങ്ങിൽ, രാഷ്ട്രീയ ബാല പുരസ്കാരത്തിന് അർഹരായ കുട്ടികളുമായി ശ്രീ മോദി സംവദിച്ചു.

***************************

## CONFERENCE OF CHIEF SECRETARIES

അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ത്രിദിന ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിച്ചു. നാളെയും മറ്റന്നാളും പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന നാഴികക്കല്ലാണ് സമ്മേളനം. രാജ്യത്തിൻറെ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനും, എല്ലാവരെയും ഉൾക്കൊള്ളുന്നതും ഭാവി വളർച്ച ത്വരിതപ്പെടുത്തുന്നതിനുമുള്ള ഏകീകൃത കർമ്മപദ്ധതി തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

***************************

## MEA-BRIEFING (INTRO)

എച്ച്-1ബി വിസയുള്ള ഇന്ത്യൻ പൗരന്മാർ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഇന്ത്യ അമേരിക്കയുമായി സജീവമായി ആശയവിനിമയം നടത്തിവരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ബുദ്ധിമുട്ടുകൾ നേരിടുന്ന ഇന്ത്യൻ പൗരന്മാരിൽ നിന്ന് സർക്കാരിന് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെയും വാഷിംഗ്ടൺ ഡിസിയിലെയും യുഎസ് അധികൃതരുമായി ഇന്ത്യ ഈ ആശങ്കകൾ പങ്കുവെച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അക്രമങ്ങളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയ ജയ്സ്വാൾ ബംഗ്ലാദേശിലെ മൈമൻസിംഗ് നഗരത്തിൽ ഹിന്ദു യുവാവ് കൊല്ലപ്പെട്ട സംഭവത്തെ അപലപിച്ചു. കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

***************************

# SHEIKH HASINA

ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ മതന്യൂനപക്ഷങ്ങൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയാണെന്ന് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം നിയമവിരുദ്ധമായാണ് രാജ്യത്തിന്റെ അധികാരം പിടിച്ചെടുത്തതെന്ന് അവർ ആരോപിച്ചു. കഴിഞ്ഞയാഴ്ച ബംഗ്ലാദേശിൽ ഹിന്ദു യുവാവിനെ ആൾക്കൂട്ടം മർദ്ദിച്ച് കൊലപ്പെടുത്തിയതിനെ തുടർന്ന് രാജ്യത്തെ അന്തരീക്ഷം പ്രക്ഷുബ്ധമായിരിക്കുന്ന സാഹചര്യത്തിലാണ് ഷെയ്ഖ ഹസീനയുടെ പ്രതികരണം.

***************************

# REV. SHAH - COUNTER TERRORISM

നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഭീകരവിരുദ്ധ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. ഭീകരവിരുദ്ധ പ്രവർത്തനങ്ങളിലെ മാതൃകാപരമായ സേവനത്തിനും സംഭാവനകൾക്കും ഒമ്പത് എൻ.ഐ.എ ഉദ്യോഗസ്ഥർക്ക് അദ്ദേഹം സേവാ പദക്കും വീരതാ പദക്കും നൽകി ആദരിച്ചു. ഭീകരവാദം മാനവരാശിയുടെ ഏറ്റവും വലിയ ശത്രുവാണെന്നും അതിനെതിരെ എല്ലാവരും ഒന്നിച്ച് പോരാടണമെന്നും സാമൂഹിക മാധ്യമ കുറിപ്പിലൂടെ അദ്ദേഹം വ്യക്തമാക്കി. ഈ സമ്മേളനം, ഭീകരവാദം അവസാനിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നതിന് എല്ലാ ഏജൻസികളുടെയും തന്ത്രങ്ങൾ ഏകോപിപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

***************************

# PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ മുതൽ ഗോവ, കർണാടക, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നാല് ദിവസത്തെ സന്ദർശനം നടത്തും. നാളെ വൈകുന്നേരം രാഷ്ട്രപതി ഗോവയിലേക്ക് തിരിക്കും. ഈ മാസം 28-ന് കർണാടകയിലെ കാർവാർ തുറമുഖത്തുനിന്ന് സമുദ്രത്തിനടിയിലൂടെയുള്ള അന്തർവാഹിനി യാത്രയിൽ രാഷ്ട്രപതി പങ്കെടുക്കും. അടുത്ത ദിവസം, ഝാർഖണ്ഡിലെ ജംഷഡ്പൂരിൽ നടക്കുന്ന ഒൽ ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും. അതേ ദിവസം തന്നെ എൻ.ഐ.ടി ജംഷഡ്പൂരിന്റെ 15-ാമത് ബിരുദദാന ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. ഈ മാസം 30-ന് ഝാർഖണ്ഡിലെ ഗുംലയിൽ നടക്കുന്ന അന്തർസംസ്ഥാന ജനസംസ്കാരിക സമാഗമ സമാരോഹ് കാർത്തിക് ജാത്രയിൽ രാഷ്ട്രപതി സംസാരിക്കും.

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

***************************

## MAYOR ELECTION

കേരളത്തിൽ കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് പൂർത്തിയായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെയാണ്. തിരുവനന്തപുരത്ത് ബിജെപിയുടെ വി വി രാജേഷും കൊച്ചിയിൽ വി.കെ.മിനിമോളും മേയർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ആയി ആശനാഥ് സത്യപ്രതിജ്ഞ

ചെയ്തു സ്ഥാനമേറ്റു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ആയി കോൺഗ്രസിന്റെ നിജി ജസ്റ്റിനും കണ്ണൂർ കോർപ്പറേഷനിൽ മേയറായി പി. ഇന്ദിരയും കൊല്ലത്ത് എ.കെ. ഹഫീസും മേയറായി ചുമതലയേറ്റു. കോഴിക്കോട് കോർപറേഷനിൽ മേയറായി ഒ.സദാശിവനും ഡെപ്യൂട്ടി മേയറായി എസ് ജയശ്രീയും ചുമതലയേറ്റു.

***************************

## MUNCIPALITY ELECTION

മുനിസിപ്പാലിറ്റികളിലേക്കുള്ള അധ്യക്ഷ, ഉപാധ്യക്ഷ തെരഞ്ഞെടുപ്പും ഇന്ന് നടന്നു. പാലാ നഗരസഭയുടെ ചെയർപേഴ്സണായി ദിയ പുളിക്കകണ്ടം ചുമതലയേറ്റു. യുഡിഎഫ് സ്ഥാനാർഥിയായ ദിയ 14 വോട്ടുകളാണ് നേടിയത്. രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ നഗരസഭാ അധ്യക്ഷരിൽ ഒരാളാണ് ദിയ. കൽപ്പറ്റയിൽ പി വിശ്വനാഥൻ 17 വോട്ട് നേടി ചെയർപേഴ്സൺ ആയി. പണിയ വിഭാഗത്തിൽ നിന്നുള്ള ആദ്യ ചെയർപേഴ്സൺ ആണ് അദ്ദേഹം. മലപ്പുറം നഗരസഭാ ചെയർപേഴ്സണായി റിനിഷ റഫീഖും കട്ടപ്പന നഗരസഭ അധ്യക്ഷനായി ജോയി വെട്ടിക്കുഴിയും തിരഞ്ഞെടുക്കപ്പെട്ടു.

***************************

## SCRUTINY-LSGDE

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. മലപ്പുറം പായിപ്പാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. ജനുവരി 12 നാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണും.

***************************

## RAILWAYS REVISED FARE

റെയിൽവേ യാത്രാ നിരക്ക് ഘടന പരിഷ്കരിച്ചു. പുതിയ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. യാത്രക്കാർക്ക് താങ്ങാനാവുന്നതും റെയിൽവേ പ്രവർത്തനങ്ങളുടെ സുസ്ഥിരത നിലനിർത്തുന്നതിനും ലക്ഷ്യമിട്ടുള്ള നിരക്ക് വർധനയാണ് വരുത്തിയതെന്ന് റെയിൽവേ അറിയിച്ചു. സബർബൻ സർവീസുകൾക്കും സബർബൻ - നോൺ സബർബൻ റൂട്ടുകൾ ഉൾപ്പെടെയുള്ള സീസൺ ടിക്കറ്റുകൾക്കും നിരക്കിൽ മാറ്റമില്ല.

***************************

## T- 20 WOMENS

ശ്രീലങ്കക്കെതിരായ വനിതാ ടി 20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ശ്രീലങ്ക 7 ഓവറിൽ 3 വിക്കറ്റിന് 34 റൺസ് എടുത്തിട്ടുണ്ട്. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

***************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

***************************

## ACTIVE VOTER REGISTRATION DESK

2025 ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത

അർഹരായവരെ സഹായിക്കാൻ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

*

*****************

**********************************